DESPATCHED
On 22/06/2020
20/3/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2394*(2)/2018*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. *12731/എസ്.ഐ.സി-ജി 6/18*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. അമലദാസ്,
മേക്കേ നമ്പച്ചം വിളാകം,
കടയാറ പുത്തൻവീട്,
ഇരുമ്പിൽ, നെയ്യാറ്റിൻകര പി.ഒ. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   സ്റ്റേഷൻ ഹൗസ് ഓഫീസർ,
   നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ,
   തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
   ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
   ഡെ.പോലീസ് സൂപ്രണ്ട് ആഫീസ്,
   നെയ്യാറ്റിൻകര.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | – |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.09.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 29.09.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 25.10.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 07.11.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 09.11.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 16.11.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീൽ അധികാരി | ഹാജരായി രുന്നു<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. അമലദാസ്, 07.11.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 09.11.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2394(2)/18/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ശരിയായ മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും തുടർന്ന് അപ്പീൽ അധികാരി ഒന്നാം എതിർകക്ഷിയുടെ മറുപടി ശരിവയ്ക്കുകയും ചെയ്തുവെന്നും ടിയാന് ശരിയായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടിയാനെതിരെ രജിസ്റ്റർ ചെയ്ത CC 430/14 നമ്പർ കേസ്സിലെ ടിയാന്റെ അറസ്റ്റ് രേഖപ്പെടുത്തിയത് സ്റ്റേഷനിൽ വച്ചാണോയെന്നും അല്ലെങ്കിൽ 17.03.2014ന് എവിടെ വച്ചാണ് അറസ്റ്റ് ചെയ്തതെന്നും അറസ്റ്റ് രേഖപ്പെടുത്തിയ സമയം, അറസ്റ്റു മെമ്മോ, ഇൻസ്പെക്ഷൻ മെമ്മോ എന്നിവ തയ്യാറാക്കിയിട്ടുണ്ടോയെന്നും തുടങ്ങി 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 20.09.2018 മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 25.10.2018ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷിയോട് വിശദീകരണം ആവശ്യപ്പെട്ടതിൽ ഹർജിക്കാരന് സത്യസന്ധമായ മറുപടിയാണ് നൽകിയതെന്നും ക്രൈം 430/14 നമ്പർ സി.ഡി. ഫയലിന്റെ അടിസ്ഥാനത്തിലാണെന്നും എസ്.പി.ഐ.ഒ. നൽകിയ മറുപടി ശരിവയ്ക്കുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 13.11.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, 24.09.2019ൽ

കമ്മീഷനിൽ ഹാജരാകാൻ നോട്ടീസ് നൽകിയിരുന്നെങ്കിലും അന്നേദിവസം നെയ്യാറ്റിൻകര സ്റ്റേഷൻ പരിധിയിൽ ഉണ്ടായിരുന്ന വി.ഐ.പി. അതീവ സുരക്ഷാ ഡ്യൂട്ടികൾക്കും റൂട്ട് ബന്തവസ്സിനും മേലധികാരങ്ങളിൽ നിന്നും നിർദ്ദേശിച്ച് നിയോഗിച്ചതിനാലാണ് യഥാസമയം ഹാജരാകാൻ കഴിയാത്തതെന്നാണ്. എന്നാൽ 14.03.2014ലെ അറസ്റ്റ് 17.03.2014 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ആയതു സംബന്ധിച്ച ചില വിവരങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടതെന്നുമാണ്. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ അപ്പീൽ അധികാരിയും ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നുമാണ്. ഇരുകക്ഷികളുടെ മൊഴിയും റിപ്പോർട്ടും പരിശോധിച്ച കമ്മീഷൻ ഒരിക്കൽ കൂടി രജിസ്റ്ററുകൾ പരിശോധിച്ച് രേഖകളെന്തെങ്കിലും ലഭ്യമാകുന്നെങ്കിൽ ആയത് ഹർജിക്കാരന് ലഭ്യമാക്കണമെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതു പ്രകാരം ഹർജിക്കാരനെ നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ 17.11.2019ൽ ഹാജരാകാൻ നിർദ്ദേശിക്കുകയും ടി കേസ്സിന്റെ സി.ഡി. ഫയലും മറ്റ് അനുബന്ധ രേഖകളും കാണിച്ച് ടിയാനെ ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതും തുടർന്ന് ഹർജിക്കാരൻ മറുപടി സ്വീകരിച്ച് മറ്റ് ആക്ഷേപങ്ങൾ ഇല്ലെന്നു കാണിച്ച് പകർപ്പ് ഒപ്പിട്ട് നൽകിയിട്ടുണ്ടെന്നുമാണ്. രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒന്നാം എതിർകക്ഷിയുടെ മൊഴി അംഗീകരിച്ചുകൊണ്ട് ഈ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 20-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM